## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 745 07.02.2013-ൽ മറുപടിയ്ക്ക്

## സ്ക്രബ് ടൈഫസ് പനി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. വിൻസെന്റ് : | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) കേരളത്തിൽ സ്ക്രബ് ടൈഫസ് പനി മൂലം എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; | എ) സ്റ്റേറ്റ് ഹീഡ് സെല്ലിൽ ലഭ്യമായ കണക്കനുസരിച്ച് 2012 വർഷത്തിൽ 53 പേർ സ്ക്രബ് ടൈഫസ് പനിക്ക് ചികിൽസ നേടുകയും ഇതിൽ 11 പേർ മരണപ്പെടുകയും ചെയ്തു. |
| (ബി) ഇത് നിയന്ത്രിക്കുവാനും ബോധവൽക്കരണം നടത്തുവാനും എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്? | ബി) 2012 മാർച്ച് 16 – ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ വച്ച് വടക്കൻ ജില്ലകളിലെ മെഡിക്കൽ ഓഫീസർമാർക്കും മറ്റ് ജില്ലാതല ആരോഗ്യ വകുപ്പ് ഓഫീസർമാർക്കു മായി ഒരു ശിൽപശാല നടത്തി രോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് രൂപം നൽകി. എൻ.സി.ഡി.സി, ന്യൂഡൽഹിയിൽ നിന്ന് സ്ക്രബ് ടൈഫസ് പ്രതിരോധ പ്രവർത്തന വിഭാഗത്തിലെ ജോയിന്റ് ഡയറക്ടർ ഡോ. കൗശൽകുമാറിന്റെ നേതൃത്വത്തിൽ 2012 സെപ്റ്റംബർ 28, 29,30 തീയതികളിലായി തിരുവനന്തപുരത്ത് വച്ച് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്ക് വിദഗ്ധ പരിശീലനം നൽകി.<br>ജില്ലകൾതോറും വിവിധ പ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കോഴിക്കോട്, കാസർഗോഡ്, വയനാട്, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ